# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.16271/22/IT

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
06/03/2026

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പാർക്ക് സംവിധാനം നടപ്പിലാക്കുന്നത് - അടിയന്തിര പരിശീലനം നൽകുന്നത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും പാർട്ട്ടൈം ഉൾപ്പെടെയുള്ള ജീവനക്കാരുടെ (കാരാണ്മ / ദിവസവേതന ജീവനക്കാർ ഒഴികെ) **2026** ഏപ്രിൽ മാസം മുതലുള്ള ശമ്പളം **(2026** മെയ് **1** മുതൽ നൽകുന്നത്) പൂർണ്ണമായും ജി-സ്പാർക്ക് മുഖാന്തിരം മാത്രം പ്രോസസ്സ് ചെയ്യുന്നതിന് **29/01/2026**-ലെ **ROC.16335/17/EDP** നമ്പർ പ്രകാരം ബോർഡ് ഉത്തരവായിട്ടുള്ളതാണ്. ജി-സ്പാർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലാക്കുവാൻ ആവശ്യമായിട്ടുള്ള ട്രെയിനിംഗ് **02/05/2023, 27/06/2023, 09/08/2023, 11/09/2023, 08/04/2024, 09/04/2024, 12/04/2024, 18/04/2024, 18/10/2024, 21/10/2024, 30/07/2025** എന്നീ തീയതികളിൽ നേരിട്ടുള്ള പരിശീലനവും, എല്ലാ മാസവും ഓൺലൈൻ സെഷനുകളും കഴിഞ്ഞ കാലങ്ങളിലായി സംഘടിപ്പിച്ച് വരുകയാണ്. എന്നിരുന്നാലും പല ഡി.ഡി.ഒ-മാരുയെും കീഴിൽ ജി-സ്പാർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല എന്ന് മനസ്സിലാക്കുന്നു.

ആയതിനാൽ ജി-സ്പാർക്ക് സംവിധാനം പൂർണ്ണമായും നടപ്പിലാക്കുവാനും, ടി നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും, ജി-സ്പാർക്ക് സംബന്ധിച്ച് ഇനിയും പരിശീലനം ആവശ്യമായിട്ടുള്ള ഡി.ഡി.ഒ-മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ തങ്ങളുടെ പേര് വിവരങ്ങൾ ഉൾപ്പെടെ **13/03/2026** വൈകുന്നേരം **5.00** മണിയ്ക്ക് മുൻപായി വിവരം ഐ.ടി ഡിവിഷനിൽ തപാൽ / ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ജി-സ്പാർക്ക് സംവിധാനം പരിപൂർണ്ണമായി നടപ്പിലാക്കേണ്ടത് നിർബന്ധമാകയാൽ പരിശീലനം ലഭ്യമായിട്ടില്ലാത്ത എല്ലാ ഡി.ഡി.ഒ-മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ പേര് വിവരം ലഭ്യമാക്കി പരിശീലനത്തിന് നിർബന്ധമായും പങ്കെടുക്കേണ്ടതും, മാന്വൽ ബില്ലിംഗ് പൂർണ്ണമായും നിർത്തലാക്കി സമയബന്ധിത മായി തന്നെ ശമ്പളം ജി-സ്പാർക്ക് മുഖേന പ്രോസസ്സ് ചെയ്യേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുന്നു.

അറിയിപ്പ് നൽകേണ്ട ഇ-മെയിൽ ഐ.ഡി:- **itdivision.tdb@kerala.gov.in**

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
3. ഐ.റ്റി സെക്ഷൻ
4. സെക്ഷൻ ഫയൽ

AR.06/03